# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 781

29.09.2016 ൽ മറുപടിക്ക്

എ.എസ്.എം.എം. ഹയർ സെക്കന്ററി സ്കൂളിന്റെ മാനേജ്മെന്റ് തർക്കം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ | | പ്രൊഫ.സി. രവീന്ദ്രനാഥ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ആലത്തൂർ എ.എസ്.എം.എം; ഹയർ സെക്കന്ററി സ്കൂളിന്റെ മാനേജ്മെന്റ് തർക്കം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുത്ത് നടത്തണമെന്ന് പി.ടി.എ. സമർപ്പിച്ച അപേക്ഷ യിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്ത മാക്കാമോ; | (ബി) & (സി) | ആലത്തൂർ എ.എസ്.എം.എം; ഹയർ സെക്കന്ററി സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് പി.ടി.എ. പ്രസിഡന്റ് സമർപ്പിച്ച നിവേദനം 12.08.2016 - ൽ സർക്കാരിന് ലഭിക്കുകയും ആയതിന്മേൽ 09.09.2016 തീയതിയിൽ 797929/എഫ്2/16/ പൊ.വി.വ. നം. കത്തു പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ട റുടെ റിപ്പോർട്ട് ആവശ്യപ്പെടു-കയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്ന താണ്. |
| (സി) | മാനേജ്മെന്റ് തർക്കത്തെ തുടർന്ന് സ്തംഭനാവസ്ഥയി ലായ സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ പി.ടി.എ. യ്ക്ക് സർക്കാർ ധനസഹായം നൽകുന്നതിന് നിയമ തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ? | | |

Rema.V

സെക്ഷൻ ഓഫീസർ